# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 14 — 27.02.2017 ലെ മറുപടിയ്ക്ക്

**നീതി ആയോഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി. അബ്ദുൾഖാദർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | നീതി ആയോഗിനെ ഉപയോഗിച്ച് സംസ്ഥാനത്തെ ഗ്രാമസഭകൾ വിളിച്ച ചേർക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തോടുള്ള പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമസഭകൾ വിളിച്ച ചേർക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർക്കാണ്. നീതിആയോഗ് നിർദ്ദേശിച്ച പ്രകാരം ജില്ലാ കളക്ടർമാർക്ക് ഗ്രാമസഭ വിളിച്ചുചേർക്കാനുള്ള അധികാരമില്ല. വികേന്ദ്രീകൃതാസൂത്രണ പ്രക്രീയയുടെ ഭാഗമായി ഗ്രാമസഭ വിളിച്ച ചേർക്കുന്നതിനാൽ കേരളത്തിൽ പ്രത്യേക ഗ്രാമസഭ കൂടണമെന്ന നിർദ്ദേശത്തിന് പ്രസക്തിയില്ല. |
| (ബി) | സംസ്ഥാന സർക്കാരിനെ മറികടന്ന് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ കേന്ദ്രം നേരിട്ട് ഇടപെടുന്നത് ഭരണ ഘടനാപരമായുള്ള കടന്ന കയറ്റമായി കരുതുന്നുണ്ടോ? | (ബി) & (സി) | രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന് വിരുദ്ധമായി സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളിൽ കേന്ദ്ര സർക്കാർ നേരിട്ട് ഇടപെടുന്നത് ശരിയല്ല. |
| (സി) | ആസൂത്രണ കമ്മീഷനെ ഇല്ലാതാക്കിയ നടപടിക്ക് സമാനമായ ഇടപെടലായി ഇതിനെ കാണുന്നുണ്ടോ? | | |